LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർവ്വീസ് സഹകരണ ബാങ്കുകൾ ഉൾപ്പെടെ വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാകാലാവധിയിലോ, വായ്പാകാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷംരൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാദ്ധ്യതയിൽനിന്ന് ടി അംഗങ്ങളെ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഒഴിവാക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ സംഘം പൊതുയോഗത്തിന്റെ അനുമതിയോടും രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതിത്തള്ളാവുന്നതാണ്. ഇതിലേക്കായി വായ്പ നൽകുന്ന സംഘം/ബാങ്ക് റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുകയും നൽകുന്ന ഓരോ വായ്പകളിൽനിന്നും 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്ക് വായ്പാക്കാരനിൽനിന്ന് ഈടാക്കി പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് അടയ്ക്കേണ്ടതായിട്ടുണ്ട്. റിസ്ക് ഫണ്ട് പദ്ധതിയുടെ പരിധിയിൽ വരാത്ത വായ്പകളിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത തീയതി മുതൽ ഒരു വർഷത്തിനകം അവകാശികൾ വായ്പക്കണക്ക് അവസാനിപ്പിക്കുകയാണെങ്കിൽ വായ്പക്കാരൻ മരിച്ച തീയതി മുതൽ വായ്പക്കണക്ക് അവസാനിപ്പിക്കുന്നതുവരെയുള്ള പലിശയിളവ് നൽകുന്നതിന് സംഘങ്ങൾക്ക് അനുമതി നൽകി രജിസ്ട്രാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

വിലക്കയറ്റ നിയന്ത്രണം

171 (538) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് മുഖേന വിലക്കയറ്റം നിയന്ത്രിക്കാൻ വിപണി ഇടപെടലിന് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) കൺസ്യൂമർഫെഡ് മുഖേന വിലക്കയറ്റം നിയന്ത്രിക്കുവാൻ വിപണി ഇടപെടലിനായി പ്രത്യേക പദ്ധതികളൊന്നും തന്നെ പ്രഖ്യാപിച്ചിട്ടില്ല. പൊതുമാർക്കറ്റിലെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനായി പൊതുവിപണിയിൽ നിന്നും 20 ശതമാനംവരെ വിലക്കുറച്ച് നന്മ സ്റ്റോറുകളിലൂടെയും വില വർദ്ധനവിന് കൂടുതൽ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ കൺസ്യൂമർ മേഖലയിലെ അപ്പെക്സ് സ്ഥാപനമായ കൺസ്യൂമർഫെഡിന്റെ സഹകരണത്തോടെ നടത്തുന്ന സബ്സിഡി വിപണനമേളകളിലൂടെയും അവശ്യസാധനങ്ങൾ വിപണനം നടത്തുന്നതിന് സഹകരണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രത്യേക പദ്ധതി പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ സഹകരണ വകുപ്പ് കൺസ്യൂമർഫെഡ് മുഖാന്തരം കാലാകാലങ്ങളിൽ നടത്തിവരുന്ന ഉത്സവ വിപണി കളിലൂടെ വിലക്കയറ്റം നിയന്ത്രിക്കുകയും തൽഫലമായി ഉണ്ടാകുന്ന കൃത്രിമക്ഷാമം ഒഴിവാക്കുകയും പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ പ്രാപ്യമായ സ്ഥലങ്ങളിൽ ലഭ്യമാക്കുകയുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) കാലാകാലങ്ങളിൽ നടത്തുന്ന സബ്സിഡി വിപണനമേളകൾ സംബന്ധിച്ച് കൺസ്യൂമർഫെഡ് തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും സർക്കാർ അംഗീകാര ത്തോടെ നടപ്പിലാക്കുകയും ചെയ്തുവരുന്നു.

താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ

172 (539) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് നാളിതുവരെ ഏതെല്ലാം തലത്തിൽ അന്വേഷണം നടന്നിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) നിക്ഷേപകർക്ക് പണം നൽകുന്നതിന് സഹകരണ വകുപ്പ് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly